## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288** | **02-03-2023 - ൽ മറുപടിയ്ക്ക്**

## പാലിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി ദെലീമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൻകിട റെസ്റ്റോറന്റുകൾ മുതൽ ചെറിയ തട്ടുകടകൾ വരെ ലാഭേച്ഛയോടെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതോ സംസ്ഥാനത്തുതന്നെയുള്ള സ്വകാര്യ ഡയറികളിൽ നിന്നുള്ളതോ ആയ പാലാണ് ഉപയോഗിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന പാൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ക്ഷീര വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വൻകിട റെസ്റ്റോറന്റുകൾ മുതൽ ചെറിയ തട്ടുകടകൾ വരെ ലാഭേച്ഛയോടെ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നതോ സംസ്ഥാനത്തുതന്നെയുള്ള സ്വകാര്യ ഡയറികളിൽ നിന്നുള്ളതോ ആയ പാലാണ് ഉപയോഗിക്കുന്നതെന്നത് ക്ഷീരവികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് വിപണനം നടത്തുന്ന പാൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ക്ഷീരവികസന വകുപ്പിനു കീഴിൽ വിപുലമായ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തുന്ന പാലിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിന് പാലക്കാട് മീനാക്ഷിപുരം, കൊല്ലം ആര്യങ്കാവ്, തിരുവനന്തപുരത്ത് പാറശ്ശാല എന്നീ ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ വിപണനം നടത്തുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതാതു ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ജില്ലാതല ഗുണനിയന്ത്രണ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്.<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കേരളത്തിലെത്തിച്ച് വൻകിട റെസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്നതും വ്യാപാര സ്ഥാപനങ്ങളിൽ വിൽപ്പന നടത്തുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാലും ഫോർമാലിൻ, യൂറിയ ഉൾപ്പെടെയുള്ള | (ബി) | ഉണ്ട്. ഇതു തടയുന്നതിനായി സംസ്ഥാനത്തിന്റെ ചെക്ക് പോസ്റ്റുകളായ മീനാക്ഷിപുരം (പാലക്കാട്), |

| | | | |
|---|---|---|---|
| | രാസവസ്തുക്കളും ആന്റിബയോട്ടിക്കുകളും കലർത്തിയ പാലും വ്യാപകമായി വിൽക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ അതിർത്തി ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കുന്നതോടൊപ്പം സഞ്ചരിക്കുന്ന ലബോറട്ടറികൾ വ്യാപകമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | ആര്യങ്കാവ് (കൊല്ലം), പാറശ്ശാല (തിരുവനന്തപുരം) എന്നിവിടങ്ങളിൽ പാൽ പരിശോധിക്കുന്നതിന് വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തിന് പുറത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കുമളിയിലും (ഇടുക്കി), വാളയാറിലും (പാലക്കാട്) ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്താറുണ്ട്. കൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബുകളിലും തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന (NABL അക്രെഡിറ്റഡ്) സ്റ്റേറ്റ് ഡയറി ലാബിലും പാൽ പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന പാൽ ഗുണനിയന്ത്രണ ലബോറട്ടറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.<br><br>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 14 ജില്ലകളിലും സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുണ്ട്. |
| (സി) | മിൽമയുടെയും മറ്റ് ക്ഷീര സഹകരണ സംഘങ്ങളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള പാലിന്റെ ലഭ്യത ഉറപ്പുവരുത്തുമോ? | (സി) | മിൽമയിൽ പാൽ നൽകുന്ന ക്ഷീര സഹകരണ സംഘങ്ങളിലും മറ്റ് പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളിലും ഗുണനിലവാര പരിശോധന നടത്തിയാണ് പാൽ കർഷകരിൽ നിന്നും സ്വീകരിച്ചു വരുന്നത്. ക്ഷീര സഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ ഗുണ നിലവാരം ക്ഷീരവികസന വകുപ്പിന്റെ ജില്ലാ തലത്തിലുള്ള ഗുണ നിയന്ത്രണ വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകളുടെയും ഫെഡറേഷന്റെയും കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ISO Certified ആണ്. GMP (Good manufacturing practice) കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാം തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ചുള്ള വിവിധ തരം പാൽ മിൽമ വിപണിയിലെത്തിക്കുന്നുണ്ട്. കർഷകരിൽ നിന്നും സംഭരിക്കുന്ന പാൽ ഡയറികളിൽ ഗുണനിലവാരം ഒട്ടും നഷ്ടപ്പെടാത്ത രീതിയിൽ ബി.എം.സി-കൾ വഴി ഉടൻ തന്നെ ശീതീകരിച്ച് ഡയറികളിലെത്തിക്കുന്നു. സംഘങ്ങളിൽ ഗുണനിലവാര പരിശോധനകൾ കൃത്യമായി നടത്തുന്നതിനും കൂടുതൽ കർഷകരെ ക്ഷീരമേഖലയിലേക്ക് ആകർഷിക്കുന്നതിനുമുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കർഷകരുടെ ഉൽപാദന ചെലവ് കുറച്ച് കൂടുതൽ |

| | | | |
|---|---|---|---|
| | | | പേരെ ആകർഷിക്കുന്നതിനു വേണ്ടി ഗുണമേന്മയുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പശുക്കൾക്ക് കൃത്രിമ ബീജസങ്കലനംസഹായം മുതലായവ സബ്സിഡി നിരക്കിൽ നൽകി വരുന്നുണ്ട്.<br><br>ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റുകൾ അനുസരിച്ച് ഗുണമേന്മയുള്ള പാൽ അവർക്ക് എത്തിച്ചു കൊടുക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും മിൽമ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ